കുടിയിറക്ക്

*൯൨൪. (൪ ൭) സാഹിബ് ബഹദൂർ വി. ചെലാഡി റാവുത്തർ) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവും എക്സൈസ്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) മറവന്തുരുത്തു വില്ലേജിലെ കുടിയിറക്കിനെ സംബന്ധിച്ച് ഈ സഭയിലെ മലയാളം എക്സ്പ്രസ്സിൽ (പേജ് ൩ 'പുലയനെ കുടിയിറക്കുന്നു' എന്ന തലക്കെട്ടിൽ ശ്രീ. കണ്ണൻ എം. എൽ. എ. പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വാർത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കുടിയിറക്കിനെസംബന്ധിച്ചു ടി. കണ്ണേവീട്ടിൽ ടി. മണിയൻ അയ്യപ്പൻ എന്ന പുലയൻ കളക്ടർക്ക് വല്ല ഹർജിയും കൊടുക്കുകയുണ്ടായിട്ടുണ്ടോ?

(സി) ഇതിനെ സംബന്ധിച്ചു് വേണ്ട നടപടി കലക്ടർ അവർകൾ നടത്തുവാൻ ഉദാസീനത കാണിക്കുന്നു എന്നു് പറയുന്നതിൽ വല്ല വാസ്തവവും ഉണ്ടോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) പ്രവേശനം അനധികൃതമായതുകൊണ്ടു് കക്ഷിയെ ഒഴിപ്പിച്ചു.

IMPORT OF TEXTILE GOODS

*986. [50] **Sri. P. K. Krishnankutty Menon:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state :

(*a*) the names of persons to whom special quota has been allotted for import of Textile goods and the manner in which allotment is made; and

(*b*) whether there have been complaints from merchants with respect to the manner in which allotments are made and if so, whether the same have been remedied?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) The following nine (9) Importers in Travancore Area are being nominated by turns one in each month.

1. Hajee Abdul Karim Hajee, Hussain Trivandrum.
2. Haji Hassan Yacoob Sait, Kayamkulam.
3. S. Veeriah Reddiar, Alleppey.
4. S. Kumaraswamy Reddiar, Alleppey.
5. P. Rajagopala Reddiar & Sons, Alleppey.
6. Malayil Brothers, Alleppey.
7. Hajee Haroon Tayab & Son, Alleppey.
8. Sulaiman Hassan & Sons, Alleppey.
9. Mankott Textiles, Alleppey.

The two premier Importers in Cochin area viz., M/s. C. P. Lonappan & Sons, Trichur and A. S. Bava, Ernakulam. are also nominated, the former getting the quota twice and the latter once in three months.

(*b*) Yes. A revised scheme of allotment is under consideration. It is proposed to make allotments of cloth to the importers in the proportion of their turnover in textiles during the basic years 1940—42.

കൈത്തറികളും തൽവിതരണവും

*൯൨൫. (൫൭) ശ്രീ. എസ്. കുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവിതാംകൂർ വിഭാഗത്തിൽ മാരോ ഇനത്തിലുമായി ആകെ എത്ര കൈത്തറികൾ പ്രവർത്തനം നടത്തുന്നുണ്ട്";

(ബി) അവയുടെ പൂർണ്ണമായ ഒരു സെൻസസ് എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എപ്പോൾ എടുത്തതാണു്;

(ഡി) കൈത്തറി നെയ്ത്തുകാരുടെ ആവശ്യത്തിനായി തിരുവിതാംകൂർ വിഭാഗത്തിൽ ആകെ എത്രബെയിൽ നൂൽ വിതരണം ചെയ്യുന്നുണ്ടു്;

(ഇ) കൊച്ചി വിഭാഗത്തിൽ ആകെ എത്ര കൈത്തറികൾ ഉണ്ടു്;

(എഫ്) അവിടെ ആകെ എത്ര ബയിൽ നൂൽ വിതരണം ചെയ്യുന്നു;

(ജി) തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തു് ആകെ മൊത്തം വിതരണം ചെയ്യുന്ന നൂലിൽ എത്ര ബയിൽ നൂൽ സംസ്ഥാനത്തിനകത്തു് ഉല്പാദിപ്പിക്കുന്നുവെന്നും, എത്ര ബയിൽ പുറത്തുനിന്നും വരുത്തുന്നുവെന്നും പറയാമോ;

(എച്ച്) ഐക്യസംസ്ഥാനത്തിനകത്തു് എതെങ്കിലും ഡിസ്ട്രിക്ടിൽ നൂൽ ഉല്പാദകരെതന്നെ വിതരണത്തിനു് ചുമതലപ്പെടുത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശരാശരി വ ൦ ൦ മുതൽ ഫ, ൦ ൦ ൦ ബെയിൽ നൂൽവരെ വിതരണം ചെയ്യുന്നുണ്ടു്.

(ഇ) ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

(എഫ്) ശരാശരി ഫ ഒ ൦ മുതൽ ഫ ൭ ൦ വരെ ബെയിൽ നൂൽ വിതരണം ചെയ്യുന്നുണ്ടു്.

(ജി) ശരാശരി വിതരണം ചെയ്യുന്നതിൽ ൪ ൦ ൦ മുതൽ ൫ ൦ ൦ വരെ ബെയിൽ നൂൽ സംസ്ഥാനത്തിനകത്തു് ഉള്ളതും ബാക്കി പുറമേനിന്നു് വരുത്തുന്നതുമാണു്.

(എച്ച്) ഇല്ല.

നൂൽ വിതരണം

*ൻ വ്യവ. (ശ്രീ) ശ്രീ. എസ്. കുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ടെക്സ്റ്റയിൽമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഇപ്പോഴത്തെ വിതരണം മുഴുവൻ സഹകരണ സംഘങ്ങൾ മുഖേന നടത്തുകയാണോ, അതോ സ്വകാര്യവ്യക്തികൾക്കും ലൈസൻസു് കൊടുത്തു നടത്തുന്നുണ്ടോ;

(ബി) ടെക്സ്റ്റയിൽ അധികാരികൾ നേരിട്ടു് സ്പെഷ്യൽ ചിറകുകൾമൂലം ആർക്കെങ്കിലും നൂൽ കൊടുക്കുന്നുണ്ടോ;

(സി) സമീപകാലത്തു് നെയ്ത്ത വ്യവസായികളിൽനിന്നും തറികളുടെ ഇനവിവരവും മറ്റും ചോദിച്ചു അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടായിരുന്നോ;

(ഡി) അപ്രകാരമുള്ള അപേക്ഷകളെ അടിസ്ഥാനമാക്കി കാർഡുനൽകുവാൻ ഗവൺമെണ്ടു് തീരുമാനിച്ചിരിക്കയാണോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) സഹകരണസംഘങ്ങൾ മുഖേന മാത്രമാണു് നടത്തുന്നതു്.

(ബി) സർക്കാർ സ്ഥാപനങ്ങൾക്കുമാത്രം കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly